പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 165 — 06.07.2015-ലെ മറുപടിക്ക്

## വിചാരണ തടവുകാർ

ചോദ്യം

ശ്രീ.കെ.രാധാകൃഷ്ണൻ
ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.പി.ശ്രീരാമകൃഷ്ണൻ
ശ്രീ.റ്റി.വി.രാജേഷ്

മറുപടി

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) വിചാരണ തടവുകാർ ജയിലുകളിൽ ഭീകരമർദ്ദനത്തിനിരയാകുന്നതും കൊലചെയ്യപ്പെടുന്നതുമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇത്തരത്തിലുള്ള സ്ഥിതിവിശേഷം നിലവിലില്ല. |
| ബി) ജയിലുകളിലെ മർദ്ദനങ്ങൾ സംബന്ധിച്ച് പുറത്ത് പറയാനും, പരാതി നൽകാനും തടവുകാർ ഭയപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ പരിഗണിച്ചിട്ടുണ്ടോ; | (ബി) ഇത്തരം പരാതി ഉണ്ടായിട്ടില്ല. തടവുകാർക്ക് തങ്ങളുടെ പരാതികൾ ബന്ധപ്പെട്ട അധികാരികൾക്ക് നൽകുവാൻ എല്ലാ ജയിലുകളിലും പരാതിപ്പെട്ടികൾ നിലവിലുണ്ട്. പരാതിപ്പെട്ടികൾ തുറന്ന് പരാതികൾ ശേഖരിക്കുന്നതും, ബന്ധപ്പെട്ട അധികാരികൾക്ക് അയയ്ക്കുന്നതും ബന്ധപ്പെട്ട ജില്ലാ/സെഷൻസ് കോടതികളാണ്. |
| സി) ജയിലിലെ ഡോക്ടർ നിർദ്ദേശിച്ചിട്ടും യഥാസമയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച് ചികിത്സ നൽകാതിരുന്നതിന്റെ പേരിൽ ഏതെങ്കിലും വിചാരണ തടവുകാരൻ ജയിൽ ആശുപത്രിയിൽ മരണപ്പെട്ടിട്ടുണ്ടോ; | (സി) വിയ്യൂർ സെൻട്രൽ ജയിലിലെ ജോമേഷ്, S/o.ജോസ് എന്ന വിചാരണ തടവുകാരനെ (ആർ.പി.നം.9622) ജയിൽ ആശുപത്രിയിലും തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലും നേരത്തെ ചികിത്സ നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ജയിലിലെ 5 തടവുകാരെയുംകൊണ്ട് രാവിലെ ജയിൽ ഉദ്യോഗസ്ഥർ തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് പുറപ്പെട്ടുകഴിഞ്ഞിരുന്നതിനാൽ ടിയാനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഉടനടി എത്തിക്കാൻ രണ്ടാമത് കഴിഞ്ഞിരുന്നില്ല. ടിയാനെ 24.5.2015-ന് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വീണ്ടും പ്രവേശിപ്പിച്ചുവെങ്കിലും അന്നുതന്നെ മരണപ്പെടുകയാണുണ്ടായത്. |

| | |
|---|---|
| ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ജയിലുകളിലെത്തുന്നവർ പീഡിപ്പിക്കപ്പെടുന്നത് അവസാനിപ്പിക്കാനും നടപടി സ്വീകരിക്കുമോ? | ഡി) ഇത്തരം സംഭവങ്ങൾ ജയിലുകളിൽ ആവർത്തിക്കാതിരിക്കാൻ, വിദഗ്ദ ചികിത്സയ്ക്ക് മെഡിക്കൽ കോളേജിലേയ്ക്കും മറ്റും റഫർ ചെയ്യുന്ന പ്രതികളെ, പോലീസ് എസ്കോർട്ട് യഥാസമയം ലഭിച്ചില്ലെങ്കിൽ പോലും, അടിയന്തിരമായി ചികിത്സ ലഭ്യമാക്കുന്നതിന് നടപടികൾ എടുക്കുന്നതിന് ജയിൽ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ